"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി2024-25 — കുമ്പളങ്ങി പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 147 (എറണാകുളം) ന് ധനസഹായം അനുവദിക്കുന്നത് - ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.258/2024/Co-Op തീയതി,തിരുവനന്തപുരം, 28-05-2024

---

പരാമർശം:- 1. 14/07/2023 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

2. സ.ഉ (സാധാ) നം. 492/2023/സഹ തീയതി 18/08/2023

3. സഹകരണ സംഘം രജിസ്ട്രാറുടെ 03/05/2024 ലെ ആർ.സി.എസ്/4526/2023 പി&എംബി(5) നം കത്ത്

**ഉത്തരവ്**

കുമ്പളങ്ങി പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 147 (എറണാകുളം) ന് പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള പുനർജ്ജനി പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യ സംസ്കരണ യൂണിറ്റ് ആരംഭിക്കുന്നതിനായി സബ്സിഡി ഇനത്തിൽ 20.00 ലക്ഷം രൂപയും (2425-108-42-34-3 ) ഓഹരി ഇനത്തിൽ 14.00 ലക്ഷം രൂപയും (4425-108-34-34-3) ഉൾപ്പെടെ ആകെ 34.00 ലക്ഷം രൂപ (മുപ്പത്തിനാല് ലക്ഷം രൂപ മാത്രം) 2023-24 സാമ്പത്തികവർഷത്തിൽ അനുവദിയ്ക്കുന്നതിന് പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം തുക റിലീസ് ചെയ്യുന്നതിന് സാധിച്ചിരുന്നില്ല. പ്രസ്തുത തുക 2024-25 സാമ്പത്തികവർഷം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (3) കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ആവശ്യപ്പെട്ടിരിക്കുന്നു

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കുമ്പളങ്ങി പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 147 (എറണാകുളം) ന് പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള പുനർജ്ജനി പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യ സംസ്കരണ യൂണിറ്റ് ആരംഭിക്കുന്നതിനായി സബ്സിഡി ഇനത്തിൽ 20.00 ലക്ഷം രൂപയും (2425-108-42-34-3 ) ഓഹരി ഇനത്തിൽ 14.00 ലക്ഷം രൂപയും (4425-108-34-34-3) ഉൾപ്പെടെ ആകെ 34.00 ലക്ഷം രൂപ (മുപ്പത്തിനാല് ലക്ഷം രൂപ മാത്രം) 2024-25 സാമ്പത്തികവർഷത്തിൽ ചുവടെ പറയും പ്രകാരം അനുവദിയ്ക്കുന്നതിന് ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2425-108-42-34-3 സബ്സിഡി | 20,00,000 | AS/COP/24/34578 | 31/03/2025 |
| 2 | 4425-108-34-34-3 ഓഹരി | 14,00,000 | AS/COP/24/34579 | 31/03/2025 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

AJI PHILIP

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/198/2023/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
Date: 28-05-2024 14:01:41

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്.

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറി